14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്

15. അഗതി സർട്ടിഫിക്കറ്റ്

16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്

18. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്വേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോറിറ്റി സർട്ടിഫിക്കറ്റ്.

(സി) റവന്യൂ വകുപ്പിനെക്കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) G.O.(P) No.24/2010/ITD തീയതി, 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്.

(ഇ) അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്യ ലഘുലേഖകൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്നതിന് നടപടി

142 (1174) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് ചേമഞ്ചേരി വില്ലേജ് ഓഫീസർ കൊയിലാണ്ടി തഹസീൽദാർക്ക് സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് സ്ഥലം റിലിംഗ്വിഷ് ചെയ്യുന്നതിനായി താലൂക്ക് ഓഫീസിൽ സ്വീകരിച്ച നടപടി, ബന്ധപ്പെട്ട ഫയലിന്റെ പൂർണ്ണമായ പകർപ്പ് (നോട്ട്ഫയൽ ഉൾപ്പെടെ) ലഭ്യമാക്കിക്കൊണ്ട് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേമഞ്ചേരി പഞ്ചായത്ത്, രജിസ്ട്രാർ ഓഫീസിനായി വിട്ടുനൽകാമെന്ന് തീരുമാനിച്ചിട്ടുള്ള സ്ഥലത്തിന്റെ ഏതെങ്കിലും ഭാഗം എൻ.എച്ച്. വികസനത്തിന് ഏറ്റെടുക്കേണ്ടിവരുമോ/എന്നത് സംബന്ധിച്ച് റവന്യൂ (എൽഎ.) വകുപ്പിൽ വിവരങ്ങൾ/ അറിയിപ്പ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) താലൂക്ക് ഓഫീസിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ;

(ഡി) റവന്യൂ വകുപ്പിൽ/താലൂക്കിൽനിന്ന് രജിസ്ട്രേഷൻ/ജില്ലാ രജിസ്ട്രാർക്ക് എന്തെങ്കിലും കത്തുകൾ ഈ വിഷയത്തിൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഉണ്ടെങ്കിൽ അതിന് മറുപടി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വളരെ പ്രധാനപ്പെട്ട ഫയൽ എന്ന നിലയിൽ തഹസീൽദാർ ഈ കാര്യത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(എഫ്) സമയബന്ധിതമായി ഫയലിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ള റീ.സ. 124/4 ബി-യിൽപ്പെട്ട 0.0266 ഹെക്ടർ സ്ഥലം ദേശീയപാതയ്ക്കുവേണ്ടി ഏറ്റെടുക്കുന്നതിന് എൻ.എച്ച്. ആക്ട് പ്രകാരം 3(ഡി) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഇ) ചേമഞ്ചേരി വില്ലേജിലെ ചേമഞ്ചേരി ദേശത്ത് റീ.സ.124/4 ബി-യിൽപ്പെട്ടതും ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 16.16 സെന്റ് സ്ഥലത്തുനിന്നും 7 ½ സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുന്നതിന് ഭൂമി വിട്ടൊഴിയുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ നൽകിയിരുന്നു. എന്നാൽ ദേശീയ പാതയിൽ വികസനത്തിന്റെ ഭാഗമായി വീതികൂട്ടുമ്പോൾ 16.16 സെന്റ് സ്ഥലത്തിന്റെ ഏകദേശം മധ്യഭാഗത്തുകൂടിയാണ് അലൈൻമെന്റ് പോകാൻ സാധ്യതയുള്ളതായി കാണുന്നത്. ആയതിനാൽ ശേഷിക്കുന്ന സ്ഥലത്തുനിന്നും 7½ സെന്റ് സ്ഥലം ഗ്രാമപഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറാണോ എന്നും പ്രസ്തുത സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കെട്ടിടം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പണിയാൻ അനുയോജ്യമാണോ എന്നും അറിയുന്നതിനുവേണ്ടി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ രജിസ്ട്രാർക്കും താലൂക്ക് ഓഫീസിൽനിന്നും 30-9-2014-ന് കത്തയച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(എഫ്) ജില്ലാ കളക്ടറിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ഭൂമി കൈമാറ്റ ശിപാർശയും അനുബന്ധരേഖകളും ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

കിണറുകൾ വൃത്തിയാക്കുന്നവർക്ക് സുരക്ഷാബോധവത്ക്കരണം

143 (1175) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിണറുകൾ വൃത്തിയാക്കാനിറങ്ങുന്നവരും ഭൂമി കുഴിച്ചുള്ള പണികളിലേർപ്പെടുന്നവരും അവിചാരിത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ബി) ശുദ്ധവായു ലഭിക്കാതെയും വിഷവാതകം ശ്വസിച്ചും മണ്ണിടിഞ്ഞും ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പ്രവൃത്തികളിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ബോധവൽക്കരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമപ്രകാരമുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് രജിസ്ട്രേഷൻ എടുക്കുന്ന എല്ലാ തൊഴിലുടമകൾക്കും കർശന നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ, തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I എന്നിവർ ടി നിയമപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ തൊഴിലിടങ്ങളിൽ പാലിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly